86 /NSS/DHSE/2019

ഹയർ സെക്കണ്ടറി ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
24/06/2019

## സർക്കുലർ

അന്താരാഷ്ട്ര മയക്കുമരുന്നു ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് 2019 ജൂൺ 26 ന് ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും കേരള എക്സൈസ് വകുപ്പും സംയുക്തമായി 2000 എൻഎസ്എസ് വോളണ്ടിയർമാർ പങ്കെടുക്കുന്ന മെഗാ റാലിയും(മ്യൂസിയം പ്രധാന കവാടം(കോർപ്പറേഷൻ ഓഫീസിന് എതിർവശം) രാവിലെ 9.30ന്) ലഹരി വിരുദ്ധ ദിനാചരണവും തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു. ബഹു.മുഖ്യമന്ത്രിയും, വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും മറ്റു വകുപ്പുമന്ത്രിമാരും സാംസ്കാരിക നായകരും നിശാഗന്ധി ആഡിറ്റോറിയത്തിലെ അന്താരാഷ്ട്ര മയക്കുമരുന്നു ലഹരി വിരുദ്ധ ദിനാചരണ പരിപാടിയിൽ പങ്കെടുക്കുന്നു.

തിരുവനന്തപുരം ജില്ലാ കൺവീനറും പിഎസി അംഗങ്ങളും പ്രോഗ്രാം ഓഫീസർമാരും 2000 എൻഎസ്എസ് വോളണ്ടിയർമാരും നിർബന്ധമായും റാലിയിലും തുടർന്നുള്ള പരിപാടികളിലും പങ്കെടുക്കേണ്ടതാണ്. ലഹരി വിരുദ്ധ പ്രചാരണത്തിനായുള്ള പ്ലക്കാർഡുകൾ വോളണ്ടിയർമാർ കൊണ്ടുവരേണ്ടതാണ്. **മികച്ച രീതിയിൽ മെഗാ റാലിയിൽ പങ്കെടുക്കുന്ന മൂന്ന് യൂണിറ്റുകൾക്ക് സമ്മാനം നൽകുന്നതാണ്(ബാനർ, വോളണ്ടിയർ ബാഡ്ജ്, സ്കൂൾ യൂണിഫോം എന്നിവ നിർബന്ധമാണ്)**. ജില്ലാ കൺവീനർക്കും പിഎസി അംഗങ്ങൾക്കും പ്രോഗ്രാം ഓഫീസർമാർക്കും വോളണ്ടിയർമാർക്കും പ്രിൻസിപ്പൽമാർ റാലിയിൽ പങ്കെടുക്കുന്നതിനായി വിടുതൽ നൽകേണ്ടതാണ്.

അന്താരാഷ്ട്ര മയക്കുമരുന്നു ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ എൻഎസ്എസ് യൂണിറ്റുകളും റാലി, പോസ്റ്റർ പ്രദർശനം, എക്സിബിഷൻ, തെരുവുനാടകം ഇവയിലേതെങ്കിലും സംഘടിപ്പിക്കേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ